പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1979 **26-10-2026-ൽ മറുപടിയ്ക്ക്**

കുന്ദമംഗലം മണ്ഡലത്തിൽ ആർദ്രം മിഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ആർദ്രം മിഷൻ വഴി കുന്ദമംഗലം മണ്ഡലത്തിലെ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ചൂലൂർ, പെരുവയൽ, പെരുമണ്ണ, കുന്ദമംഗലം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആണ് ആർദ്രം മിഷൻ വഴി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇവയെല്ലാം കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ഇവയിൽ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിൽ ഇനി ശേഷിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ശേഷിക്കുന്ന സ്ഥാപനങ്ങളുടെ നവീകരണത്തിനായി ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പ്രസ്തുത നവീകരണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിച്ച് കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ